LIBRARY ARCHIVES Kerala Legislative Assembly

നെന്മാറ മണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ

18 (364) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ മുഴുവൻ തീർപ്പാകുന്നതിന് എത്ര സമയം വേണമെന്ന് വിശദമാക്കുമോ ;

(സി) ഗാർഹിക ആവശ്യത്തിന് അപേക്ഷിച്ചാൽ ഉടൻതന്നെ കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3-3-2015 വരെ 55 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 4 അപേക്ഷകർ എസ്റ്റിമേറ്റ് ഫുക ഒടുക്കിയിട്ടുണ്ട്. മറ്റുള്ള 51 അപേക്ഷകരോട് എസ്റ്റിമേറ്റ് ഫുക ഒടുക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് ഫുക ഒടുക്കിയ 4 അപേക്ഷകർക്ക് 15-3-2015-നകം കണക്ഷൻ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. മറ്റുള്ളവർക്ക് എസ്റ്റിമേറ്റ് ഫുക ഒടുക്കുന്ന മുൻഗണന ക്രമത്തിൽ കണക്ഷൻ നൽകാൻ കഴിയുന്നതാണ്.

(സി) ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്ക് എസ്റ്റിമേറ്റ് ഫുക ഒടുക്കുന്ന മുൻഗണനക്രമത്തിൽ കണക്ഷൻ നൽകുന്നുണ്ട്. എന്നാൽ വെതർപ്രൂഫ് മാത്രം ആവശ്യമുള്ള 500 വാട്ട്സിൽ താഴെയുള്ള ബി.പി.എൽ., 1000 വാട്ട്സിൽ താഴെയുള്ള പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന കണക്ഷനുകൾ എന്നിവ എസ്റ്റിമേറ്റ് ഫുക ഒടുക്കാതെതന്നെ മുൻഗണനാ പ്രകാരം ഉടൻ നൽകി വരുന്നുണ്ട്.

വൻകിട സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

19 (365) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് കെ.എസ്.ഇ.ബി.ക്ക് വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക നൽകാനുള്ളതെന്ന് സ്ഥാപനം, ജില്ല, കുടിശ്ശിക ഫുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) കുടിശ്ശിക ഫുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;